**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6616** **11-07-2024 - ൽ മറുപടിയ്ക്ക്**

**വർക്കല ബീച്ച് സൗന്ദര്യവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ വർക്കല ബീച്ച് സൗന്ദര്യവത്കരണത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിലേക്ക് അഡ്വാൻസ് ഫണ്ട് ആവശ്യപ്പെട്ട് ജില്ലാ നിർമ്മിതി കേന്ദ്രം ടൂറിസം വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് അനുവദിച്ച് നല്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ? | (എ) | വർക്കല ടൂറിസം ഡെസ്റ്റിനേഷൻ അടിയന്തര നവീകരണ പ്രവൃത്തികൾ എന്ന പദ്ധതിക്ക് ₹ 97,78,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവഹണ ഏജൻസി തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ്. ടി പദ്ധതിയുടെ നിർമ്മാണ ചുമതലകൾക്കായി തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ ഏർപ്പെടുത്തുകയും ഡി.ടി.പി.സി, ജില്ലാ നിർമ്മിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുള്ളതിനാൽ ഭരണാനുമതി ലഭിച്ച തുകയുടെ 50 ശതമാനം മുൻകൂറായി നൽകണമെന്ന് ആവശ്യപ്പെട്ട് ജില്ലാ നിർമ്മിതി കേന്ദ്രം തിരുവനന്തപുരം ഡിറ്റിപിസി മുഖേന കത്ത് നൽകിയിരുന്നു.<br><br>അഡ്വാൻസ് തുക ഏജൻസിക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ